(ബി) പുതിയ ബസ്സുകൾ ഇറക്കുന്ന മുറയ്ക്ക് കുറവുള്ള ബസ്സുകൾ നൽകുന്നതാണ്. ആവശ്യമുള്ള സ്പെയർപാർട്ടുകൾ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുറവുള്ള ഡ്രൈവർ, മെക്കാനിക്കൽ വിഭാഗങ്ങളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖാന്തിരവും കണ്ടക്ടർമാരെ ട്രാൻസ്ഫർ മുഖാന്തിരവും നികത്തുന്നതാണ്.

75 (2635) സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് പരുത്തിപ്പാറ ജംഗ്ഷനിൽ സ്റ്റോപ്പ്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തേയ്ക്ക് വരുന്ന ലിമിറ്റഡ് സ്റ്റോപ്പ്, സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് പരുത്തിപ്പാറ ജംഗ്ഷനിൽ സ്റ്റോപ്പ് അനുവദിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നിവേദനം ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരത്തേയ്ക്ക് വരുന്ന ലിമിറ്റഡ് സ്റ്റോപ്പ്, സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് പരുത്തിപ്പാറ ജംഗ്ഷനിൽ സ്റ്റോപ്പ് അനുവദിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലത്ത് സ്റ്റോപ്പ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) നിർവ്വാഹമില്ല.

76 (2636) ചക്കരക്കല്ല് റൂട്ടിൽ ബസ്സ് സർവ്വീസ്

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ആശുപത്രി-മുണ്ടയോട് പൗൾട്രിഫാം-എളയാവൂർ-ചേലോറ വഴി ചക്കരക്കല്ല് റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹനങ്ങളുടെ അപര്യാപ്തതയുള്ളതിനാൽ മേൽനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly